# അഗതിയായ് വന്നവൻ

എം. എൻ. കാരശ്ശേരി



അഗതിയായ് വന്നവൻ

എം. എൻ. കാരശ്ശേരി
(മലയാളം: ഹാസ്യലേഖനം)

© 2023, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

A Deep Problem 9 and 6 make, a painting by Catherine Madox Brown (1850–1927). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# അഗതിയായ് വന്നവൻ

കോഴിക്കോട്ടെ പ്രശസ്തമായ വിദ്യാലയം: ട്രെയ്നിങ് സ്കൂൾ സാഹിത്യസമാജത്തിന്റെ ഉദ്ഘാടനം നടക്കുകയാണ്.

ഞാനാണ് ഉദ്ഘാടകൻ. മുഖ്യാതിഥി. അല്ല, ഒറ്റ അതിഥിയേയുള്ളൂ, ഞാൻ മാത്രം!

പതിവ് ഉദ്ഘാടനത്തിലോ ഔപചാരികതകളിലോ എനിക്ക് താൽപര്യമില്ലെന്നു പറഞ്ഞപ്പോൾ ക്ഷണിക്കാൻ വന്ന അസോസിയേഷൻ സെക്രട്ടറി പറഞ്ഞു "ഞങ്ങൾക്ക് ഉദ്ഘാടനത്തിലല്ല, സാറിന്റെ ക്ലാസ്സിലാണ് താൽപര്യം."

ഞാൻ വീണു എന്ന് വിശേഷിച്ച് പറയേണ്ടതില്ലല്ലോ. ആ സെക്രട്ടറിയാണെങ്കിലോ, എന്റെ നാട്ടുകാരനാണ്. "ഒരു വിനീത വായനക്കാരൻ" എന്നാണ് സ്വയം പരിചയപ്പെടുത്തിയത്. ഞാൻ എഴുതിയതെല്ലാം വായിച്ചിട്ടുണ്ടത്രെ. എനിക്കതും സുഖിച്ചു. അങ്ങനെയൊരാളെ ഞാൻ ആദ്യമായിക്കാണുകയാണ്! മാത്രമോ, അദ്ദേഹത്തിന്റെ ഭരണകാലത്ത് എന്നെ അവിടെയൊന്ന് കൊണ്ടുചെല്ലണം എന്ന് വലിയ പൂതിയായിട്ട് വന്നതാണ്.

എന്റെ സൗകര്യം പ്രമാണിച്ച് രണ്ടുതവണ ഉദ്ഘാടനച്ചടങ്ങ് മാറ്റിവെച്ചു. തീർച്ചയായും അതെനിക്കു വലിയ അന്തസ്സാണ്. നാട്ടുകാരായ കുട്ടികൾ ചില സ്ഥാനങ്ങളിലൊക്കെ വന്നാലുള്ള ഗുണം ഇതൊക്കെയാണ്—ചുളുവിൽ അന്തസ്സു കൂട്ടാം.

ഇതൊക്കെയായിട്ടും ചടങ്ങിന്റെ ഔപചാരികതയെ ഞാൻ പുച്ഛിച്ചു. സെക്രട്ടറി വിട്ടില്ല: "ശരി... സാറ് വന്ന് ഇക്കൊല്ലത്തെ മലയാളം അസോസിയേഷൻ ഉദ്ഘാടനം ചെയ്യുന്നു എന്ന് ഒരു വാക്യം മാത്രം പറഞ്ഞാൽ മതി. ബാക്കി സമയം മുഴുവൻ സാറിന്റെ ക്ലാസ്. ക്ലാസ്സാണ് പ്രധാനം. അധ്യക്ഷപ്രസംഗമോ ആശംസകരോ ഒന്നുമുണ്ടാവില്ല. പോരേ?"

മതി... ധാരാളം മതി.

ഞാൻ സമ്മതിച്ചതോടെ, ഏതോ രാജ്യം കീഴടക്കിയ ആഹ്ലാദത്തോടെ സെക്രട്ടറി പോയി. കൃത്യസമയത്ത് സ്കൂളിൽ എത്തിക്കൊള്ളാമെന്ന് ഞാൻ ഏറ്റു.

ഞാൻ വാക്കുപാലിച്ചു. കൃത്യസമയത്ത് സ്കൂൾ ഗേറ്റിൽ ഓട്ടോയിറങ്ങി. ഗേറ്റിനുപുറത്ത് വഴിയിൽത്തന്നെ സെക്രട്ടറി കാത്തുനില്പുണ്ട്. മുഖ്യാതിഥി സമയനിഷ്ഠ പാലിക്കുന്ന ആളായത് ആ സംഘാടകന്റെ അന്തസ്സു വർധിപ്പിച്ചിരിക്കണം—കണ്ടോ, ഞാൻ പറഞ്ഞപോലെ അദ്ദേഹം കൃത്യസമയത്ത് എത്തിയില്ലേ? ഇനി, ഞാൻ പറഞ്ഞപോലെ പ്രസംഗവും കസറും...

കുശലവും ചായകുടിയും ആയി ചില്ലറ നേരംപോകുമെന്ന് എനിക്കറിയാമായിരുന്നതിനാൽ ആ നേരം കൂടി കണക്കാക്കിയാണ് ഞാൻ ചെല്ലാമെന്നേറ്റിരുന്നത്... അങ്ങനെ ചെന്നുപറ്റിയതിനാൽ കിറുകൃത്യമായി പരിപാടി തുടങ്ങി.

സെക്രട്ടറി വലിയ ചാരിതാർഥ്യത്തോടെ, വികാരഭരിതനായി സ്വാഗതം പറഞ്ഞു.

അതു കഴിഞ്ഞയുടനെ വരുന്നു, സ്വാഗതഗാനം!

ഇതെന്താണെന്ന് തൊട്ടടുത്തിരിക്കുന്ന അധ്യക്ഷയായ പ്രധാനാധ്യാപികയോടു ചോദിച്ചപ്പോൾ അവർ പറഞ്ഞു:

"കാരശ്ശേരിയെ സ്വാഗതം ചെയ്തുകൊണ്ട് കുട്ടികളാരോ, എഴുതിയ പാട്ടാണ്. ഇതിനുവേണ്ടി എഴുതിയതാണ്."

നേരു വേണമല്ലോ പറയാൻ. ഞാൻ ശരിക്കും പൂസായിപ്പോയി... കൊള്ളാം. ഗുരുത്വമുള്ള കുട്ടികൾ ഇക്കാലത്തും ഉണ്ട്... നന്ന്... വളരെ നന്നായി.

രണ്ട് പെൺകുട്ടികൾ സ്വാഗതഗാനം പാടുവാനായി സ്റ്റേജിലേക്കു വന്നു. ഹാളിൽ നീണ്ട കൈയടി. അവർ ഇവിടത്തെ മികച്ച പാട്ടുകാരികളാവണം. പാട്ടുകാരികൾ എന്നെ നോക്കി വിനയപൂർവ്വം പുഞ്ചിരിച്ചു.

ആ മനോഹരരംഗത്തിൽ തീർത്തും മുഗ്ധനായി ഞാൻ ഇരിക്കുകയാണ്—ജീവിതത്തിലാദ്യമായാണ് എന്നെ സ്വാഗതം ചെയ്തുകൊണ്ട് ഒരു ഗാനാലാപനം നടക്കുന്നത്. ഇത് അവസാനത്തേതാകാനും മതി!

സ്വാഗതഗാനം തുടങ്ങി. അതൊരു മാപ്പിളപ്പാട്ടാണ്. ലളിതമായ രചന. പ്രസംഗകനും പണ്ഡിതനും നല്ലവനുമായ കാരശ്ശേരി എന്നു പറഞ്ഞു കൊണ്ടാണ് തുടക്കം: ഹാ, സുന്ദരലോകമേ!

അപ്പോൾ ആ പെൺകിടാങ്ങൾ പാടുന്നതു കേൾക്കായി:

"അഗതിയായ് വന്നൊരു സാറിന് സ്വാഗതം."

ഞാനൊന്നമ്പരന്നു. സദസ്സ് ചിരിച്ചു. പിന്നെ ഞാനും ചിരിച്ചു. നാക്കു പിഴയാകാം. സാരമില്ല. നമ്മുടെ ചെലവിൽ മറ്റുള്ളവർ ചിരിക്കുന്നതും നല്ല കാര്യമാണ്. അവനവനെ കളിയാക്കിച്ചിരിക്കുന്നത് ആരോഗ്യത്തിന് നന്ന്. "അതിഥിയായ് വന്നൊരു" എന്നാവാം വരി. പല്ലവിപോലെ ഓരോ വരി തീരുമ്പോഴും അതാവർത്തിക്കുമോ?

വീണ്ടും അതാ,വരുന്നു—"അഗതിയായ് വന്നൊരു"

ഇത്തവണ സദസ്സ് ചിരിച്ചില്ല. ചമ്മൽ, ഇളിച്ചിൽ, പ്രധാനാധ്യാപികയുടെ മുഖത്ത് ജാള്യം. അവരെന്തോ പറയാനാഞ്ഞു. അപ്പോൾ വീണ്ടും—

"അഗതിയായ്..."

ആർക്കും ഇടപെടാൻ ഇടകിട്ടിയില്ല. കുട്ടികൾ ലയിച്ചുപാടുകയാണ്. സദസ്സ് മ്ലാനമായി. അതിന്റെ പിന്നിലെവിടെയോ നിന്നിരുന്ന സെക്രട്ടറി അസ്വസ്ഥനായി പുറത്തേക്കു പോവുന്നതു കണ്ടു. അയാളുടെ മുഖം കത്രിച്ചുനിർത്തിയ താടിരോമങ്ങൾക്കു നടുവിൽ പതിവില്ലാത്തവിധം ഇരുണ്ടിരുന്നു.

പാട്ടു തുടരുകയാണ്. ഓരോ വരിയും ആ "അഗതിയായ് വന്നവ"നിൽ അവസാനിച്ചുകൊണ്ടുമിരുന്നു.

സദസ്സിലെ കുട്ടികൾ നാശകോശമായിരിക്കുന്നു. എന്താണ് സംഭവിക്കാൻ പോകുന്നത് എന്ന ആകാംക്ഷയാണ് അവരുടെ മുഖത്ത്. പ്രധാനാധ്യാപികയടക്കം എല്ലാ അധ്യാപകരും തലതാഴ്ത്തിയിരിപ്പാണ്.

ആ പ്രയോഗം എന്നെ സ്പർശിച്ചു:

അഗതിയായ് വന്നവൻ!

നന്നായിരിക്കുന്നു. ഈ ലോകത്ത് ആരാണ് അങ്ങനെയല്ലാത്തത്? എല്ലാവരും അഗതികൾ. ഗതികിട്ടാത്തവർ. അത് തിരിച്ചറിയുന്നവർ ചുരുങ്ങും എന്നു മാത്രം.

ഇതു നാക്കുപിഴയാവില്ല. പാട്ടു പകർത്തിയപ്പോൾ പറ്റിയ പിഴയാകണം. കുട്ടികൾ അർത്ഥം ശ്രദ്ധിച്ചിരിക്കില്ല. ഇത്തരം തെറ്റുകളാണ് ശരിയായ ആലോചനകളിലേക്ക് നമ്മെ കൊണ്ടുചെല്ലുന്നത്...

മുഹമ്മദ് നബി ആയിരത്താണ്ടുകൾക്കപ്പുറം അറേബ്യാ മണൽക്കാട്ടിൽ വെച്ച് ശിഷ്യന്മാർക്ക് കൊടുത്ത ഒരുപദേശം എന്റെ ഓർമയിലെത്തി.

"നീ ഇഹലോകത്ത് അഗതിയെപ്പോലെ ജീവിച്ചുകൊള്ളുക."

അഗതിയെപ്പോലെ ജീവിക്കുക!

തീർച്ചയായും എളുപ്പമല്ലാത്ത കാര്യം. ഐഹികമായ സുഖസൗകര്യങ്ങളിൽ ഗതിതേടാതെ ജീവിക്കുന്ന ഒരു മനസ്സുണ്ടാവുക ചെറിയ സംഗതിയാണോ?

പാട്ടു തീർന്നത് ഞാനറിഞ്ഞില്ല. അമ്പരന്ന്, മൗനമായി ആ സദസ്സ് അങ്ങനെയിരിക്കുന്നതിന് കാരണമെന്താവാം എന്ന് ആലോചിച്ചിരിക്കുമ്പോൾ അധ്യക്ഷ തൊട്ടടുത്തിരുന്ന് പറഞ്ഞു: "ഇനി ഉദ്ഘാടനപ്രസംഗമാണ്. ഞാൻ പേരുവിളിച്ചുകഴിഞ്ഞു."

ഓ... എന്റെ ശ്രദ്ധയിൽ കേറിയില്ല. എന്റെ തരിപ്പ് പ്രതിഷേധമാണെന്ന് കുട്ടികൾ ധരിക്കാം.

ചാടിയെണീറ്റ് ഞാൻ പ്രസംഗം തുടങ്ങി:

"പ്രിയപ്പെട്ടവരേ,

ഈ പരിപാടിയിലെ സ്വാഗതഗാനം എനിക്ക് വളരെ ഇഷ്ടമായി. 'അഗതിയായ് വന്നവൻ' എന്ന് എന്നെ വിശേഷിപ്പിച്ചത് തീർച്ചയായും ഒരു ബഹുമതിയാണ്. നിങ്ങൾ കേട്ടിട്ടുണ്ടോ എന്നെനിക്കറിഞ്ഞുകൂടാ, മുഹമ്മദ് നബി അങ്ങനെയൊരുപദേശം നല്കിയിട്ടുണ്ട്. ഇഹലോകത്ത് അഗതിയായ് ജീവിച്ചുകൊള്ളുക എന്ന്. ഞാൻ ആ പാട്ടുകേട്ട് ആ പ്രയോഗത്തിന്റെ അർഥഗരിമയെപ്പറ്റി ആലോചിച്ചുപോയി. ഞാൻ അഗതിയായ് ജീവിക്കുന്നവൻ എന്നു പറയുന്നത് തീർച്ചയായും എനിക്ക് ഒരു അംഗീകാരമാണ്. ഞാൻ വാസ്തവത്തിൽ അങ്ങനെയാണോ? അല്ല. അല്ല. ആ ഉയർന്ന പദവിയിലേക്കെത്തുവാൻ എനിക്കിനിയും എത്രയോ ദൂരം യാത്ര ചെയ്യേണ്ടതുണ്ട്. അപ്പോൾ സ്വാഗതഗാനം ആലപിച്ച സഹോദരികൾ ഞാൻ അങ്ങനെയാകണം എന്നൊരുപദേശം തരികയായിരുന്നു എന്ന് ഞാൻ വിചാരിക്കുന്നു. മുഹമ്മദ് നബിയുടെ മഹത്തായ ഉപദേശത്തെ അത് അനുസ്മരിപ്പിക്കുന്നു. മധുരമായ ഈണവും മനോഹരമായ ശബ്ദവും പശ്ചാത്തലമാക്കിയുള്ള ഈ ഗുരൂപദേശം ഞാൻ രണ്ടു കൈയും നീട്ടി സ്വീകരിക്കുന്നു. ആ വിശേഷണത്തിന് അർഹനയിത്തീരുമാറ് ജീവിക്കുവാൻ ഇടയാകേണമേ എന്നാണ് എന്റെ വിനീതമായ പ്രാർത്ഥന..."

സദസ്സ് ഇളകുന്നു... കുട്ടികൾ കൈയടിച്ചു. അവർ ആഹ്ലാദിച്ചുചിരിച്ചു. അധ്യക്ഷയുടെയും അധ്യാപകരുടെയും മുഖത്ത് ആശ്വാസം. ഇപ്പോൾ സെക്രട്ടറിയുടെ താടിരോമംകൂടി ചിരിക്കുന്നുണ്ട്...

...എത്രയോ മാസങ്ങൾ കഴിഞ്ഞുപോയിരിക്കുന്നു.

ഇപ്പോൾ ഇടയ്ക്കിടെ ഞാൻ എന്നോടുതന്നെ ചോദിക്കാറുണ്ട്: ഞാൻ അഗതിയെപ്പോലെയാണോ ജീവിക്കുന്നത്?

ആ പരിപാടിയും സ്കൂളും സെക്രട്ടറിയും പാട്ടുകാരികളായ പെൺകിടാങ്ങളും ഓർമയുടെ വെളിയടയ്ക്കപ്പുറത്തേക്ക് പതുക്കെപ്പതുക്കെ പിൻവാങ്ങിപ്പോവുമ്പോഴും ആ നൊമ്പരമുണർത്തുന്ന ചോദ്യം പിന്നെയും പിന്നെയും തെളിഞ്ഞുവരികയാണ്... എന്നാണ് ഞാനൊരു അഗതിയായിത്തീരുക?

മാതൃഭൂമി വാരന്തപ്പതിപ്പ്: 2 മാർച്ച് 1997.

□

# എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നുൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്‌ലി, മുഹമ്മദ് ഹാരിസ്.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014